ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 11.09.2025

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി വാരണാസിയിൽ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ഉഭയകക്ഷി ചർച്ച നടത്തി. ഇരു രാജ്യങ്ങളുടേയും സ്വപ്നങ്ങളും ലക്ഷ്യങ്ങളും സമാനമെന്ന് നരേന്ദ്രമോദി.
2. രാജ്യത്ത് തിരുവനന്തപുരം ഉൾപ്പെടെയുള്ള വിമാനത്താവളങ്ങളിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന സംവിധാനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഓൺലൈനായി ഉദ്ഘാടനം ചെയ്തു
3. സാങ്കേതിക കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ ദേശീയപാതാ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. മുതിർന്ന കോൺഗ്രസ് നേതാവും കെ പി സി സി മുൻ അധ്യക്ഷനുമായിരുന്ന പി പി തങ്കച്ചൻ അന്തരിച്ചു. വാർധക്യ സഹജമായ അസുഖങ്ങളെത്തുടർന്ന് ആലുവയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.
5. സംസ്ഥാനത്തിൻറെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള അർബൻ കോൺക്ലേവിന് നാളെ കൊച്ചിയിൽ തുടക്കമാകും.
6. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ് - ഹോങ്കോങ് പോരാട്ടം.

PNU TVPM

$$$$$$$$$$$$$$$$$$$$$$

## പ്രധാനമന്ത്രി വാരണാസി- ഇൻട്രോ)

"ഇന്ത്യക്കും മൗറീഷ്യസിനും ഒരേ ലക്ഷ്യങ്ങളും സ്വപ്നങ്ങളും ആണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . ഇന്ന് വാരണാസിയിൽ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ഉഭയകക്ഷി ചർച്ചകൾക്കു ശേഷം സംയുക്ത വാർത്ത സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി . ഇരുരാജ്യങ്ങളും തമ്മിൽ ഊഷ്മളമായ ബന്ധമാണുള്ളതെന്നും ശ്രീ മോദി പറഞ്ഞു .
**(ഹോൾഡ് - വോയിസ് )**
ശാസ്ത്ര സാങ്കേതിക മേഖല, സമുദ്രശാസ്ത്രം, ഭരണ പരിശീലനം, ടെലിമെട്രി എന്നീ 4 മേഖലകളിൽ ധാരണാപത്രങ്ങൾ ഇരു രാജ്യങ്ങളും കൈമാറി.

$$$$$$$$$$$$$$$$$$$$$$

RNUTVPM

## ഫാസ്റ്റ് ട്രാക്ക് എമിഗ്രേഷൻ

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇനി എമിഗ്രേഷൻ ക്ലിയറൻസ് 30 സെക്കൻഡിനുള്ളിൽ. ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം എന്ന നൂതന സംവിധാനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വീഡിയോ കോൺഫറൻസിങ്ങിലൂടെ ഉദ്ഘാടനം ചെയ്തു. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കരിപ്പൂർ വിമാനത്താവള ങ്ങളിൽ ഇ -ഗേറ്റ്സ് സൗകര്യം ലഭ്യമാകും. യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കുക മാത്രമല്ല, രാജ്യത്ത് സംഭവിക്കുന്ന മാറ്റങ്ങൾക്ക് പരിചയപ്പെടുത്താനുള്ള അവസരവും ഇതിലൂടെ ലഭിക്കുന്നതായി ശ്രീ അമിത് ഷാ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

## പി പി തങ്കച്ചൻ അന്തരിച്ചു.

മുതിർന്ന കോൺഗ്രസ് നേതാവും കെ പി സി സി മുൻ അധ്യക്ഷനു മായിരുന്ന പി പി തങ്കച്ചൻ അന്തരിച്ചു. 86 വയസായിരുന്നു. വാർധക്യ സഹജജമായ അസുഖങ്ങളെത്തുടർന്ന് ആലുവയിലെ ആശുപത്രിയിൽ

ചികിത്സയിലായിരുന്നു. ഇന്ന് വൈകുന്നേരം 4.30ന് ആയിരുന്നു അന്ത്യം. 1982 മുതൽ 1996 വരെ പെരുമ്പാവൂർ എം എൽ എ ആയിരുന്ന അദ്ദേഹം, 95ൽ എ കെ ആന്റണി മന്ത്രിസഭയിൽ കൃഷി മന്ത്രിയായി. 1991 മുതൽ 95 വരെ സ്പീക്കറായും അദ്ദേഹം പ്രവർത്തിച്ചു.

$$$$$$$$$$$$$$$$$$$$$

## അനുശോചനം-പിപിത കച്ചൻ

മുതിർന്ന കോൺഗ്രസ് നേതാവ് പി പി തങ്കച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, സ്പീക്കർ, മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖർ. വിവാദങ്ങളിൽപ്പെടാതെ സൗമ്യ പ്രകൃതനായി രാഷ്ട്രീയ രംഗത്ത് നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു പി പി തങ്കച്ചനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. നേതൃനിരയിൽ സൗമ്യതയും പ്രാഗത്ഭ്യവും പ്രകടിപ്പിച്ച നേതാവായിരുന്നു തങ്കച്ചനെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

RNUTVPM

## ദേശീയപാതാ യോഗം

സാങ്കേതിക കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ ദേശീയപാതാ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീയാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദേശീയപാതയുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വടകര, തുറവൂർ, തിരുവനന്തപുരം ഉൾപ്പെടെ ചില സ്ഥലങ്ങളിലെങ്കിലും പ്രവൃത്തി മന്ദഗതിയിലാണ്. മെല്ലെപ്പോക്ക് നടത്തുന്ന കരാറുകാർക്കെതിരെ കർശന നടപടിയിലേക്ക് നീങ്ങണമെന്നും മുഖ്യമന്ത്രി ദേശീയപാത അധികൃതർക്ക് നിർദേശം നൽകി.

$$$$$$$$$$$$$$$$$$$$$

## നോർക്ക

നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് 2025-ന്റെ ഔദ്യോഗിക വെബ്സൈറ്റും ലോഗോയും മുഖ്യമന്ത്രി പിണറായി വിജയൻ

പ്രകാശനം ചെയ്തു. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ നോർക്ക വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ, ലോക കേരളസഭ ഡയറക്ടർ ആസിഫ് കെ യൂസഫ് എന്നിവർ പങ്കെടുത്തു. ഈ മാസം 27-ന് കൊച്ചിയിൽ നടക്കുന്ന മീറ്റിൽ ആരോഗ്യപരിചരണം, ഭാവിയിലെ സാങ്കേതിക വിദ്യകൾ, സുസ്ഥിരത തുടങ്ങി പ്രധാന മേഖലകളിലെ കേരളത്തിന്റെ കാഴ്ചപ്പാടുകൾ ചർച്ചയാകും.

$$$$$$$$$$$$$$$$$$$$$

## ജി.എസ്.ടി- പരിഷ്കാരങ്ങൾ

പുതു തലമുറ ജിഎസ്.ടി പരിഷ്കാരങ്ങൾ വഴി, ഗാർഹിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് കേന്ദ്ര സർക്കാർ. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, എൽസിഡി / എൽഇഡി ടി.വികൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ജി.എസ്.ടി നിരക്കുകൾ 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചത് മധ്യവർഗത്തിന് വലിയ ആശ്വാസമാണ് ഉണ്ടാക്കുന്നതെന്നും കേന്ദ്രം അറിയിച്ചു.

RNUTVPM

$$$$$$$$$$$$$$$$$$$$$

## ജിഎസ്ടി - ഇൻട്രോ

ജിഎസ്ടി നിരക്കുകൾ കുറക്കുന്നത് നിത്യ ജീവിതത്തിൽ ഗുണകരമാകും എന്നാണ് സാധാരണക്കാരുടെ പ്രതികരണം. എറണാകുളത്തു നിന്നുള്ള അധ്യാപിക രജിത ആകാശവാണി വാർത്തകളോട്...
(വോയിസ്)

$$$$$$$$$$$$$$$$$$$$$

## യൂറോപ്യൻ യൂണിയൻ അംഗീകാരം

രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി മേഖലയ്ക്ക് പുത്തൻ ഉണർവേകി 102 പുതിയ ഫിഷറീസ് സ്ഥാപനങ്ങൾക്ക് കൂടി യൂറോപ്യൻ യൂണിയൻ അംഗീകാരം. അമേരിക്കൻ ചുങ്കമടക്കമുള്ള വെല്ലുവിളികളെ മറികടന്ന് യൂറോപ്യൻ വിപണിയിൽ ശക്തമായി ചുവടുറപ്പിക്കാൻ ഈ തീരുമാനം ഇന്ത്യയ്ക്ക് സഹായകമാകും. പുതിയ നീക്കത്തോടെ യൂറോപ്യൻ യൂണിയൻ

അംഗീകാരമുള്ള ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതി സ്ഥാപനങ്ങളുടെ എണ്ണം 538-ൽ നിന്ന് 604 ആയി ഉയർന്നു.

$$$$$$$$$$$$$$$$$$$$$

## അർബൻ കോൺക്ലേവ് - മുഖ്യമന്ത്രി

സംസ്ഥാനത്തിൻറെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള രണ്ട് ദിവസത്തെ അർബൻ കോൺക്ലേവിന് നാളെ തുടക്കമാകും. കൊച്ചിയിൽ നടക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ശാസ്ത്രീയമായി നഗരനയം രൂപീകരിക്കുന്നതിന് നഗരനയ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പരാമർശി ച്ചിട്ടുള്ള 10 മേഖലകളെ സംബന്ധിച്ച ചർച്ചകൾ കോൺക്ലേവിൽ നടക്കും.

$$$$$$$$$$$$$$$$$$$$$

## നിക്ഷേപക സംഗമം-മലപ്പുറം

ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിട്ടുള്ള മലപ്പുറം നിക്ഷേപക സംഗമം ഇന്ന് വ്യവസായമന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. മലപ്പുറം ജില്ലയിൽ നിന്ന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്തവരും, ജില്ലയിൽ 20 കോടിയിൽ അധികം നിക്ഷേപം നടത്തുന്നവരുമായ വ്യവസായികളുടെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൻറെ സഹായത്തോടെയാണ് സംരംഭകർ ഒത്തുചേരുന്നത്.

RNU TVPM

$$$$$$$$$$$$$$$$$$$$$.

## എയർ ആംബുലൻസ് (ഇൻട്രോ)

തിരുവനന്തപുരത്ത് മസ്തിഷ്ക്ക മരണം സംഭവിച്ച വ്യക്തിയുടെ ഹൃദയം എയർ ആംബുലൻസിൽ കൊച്ചിയിലെത്തിച്ചു. ഹൃദയ കൈമാറ്റത്തി നുള്ള നടപടികൾ ഏകോപിപ്പിക്കാൻ എല്ലാ നടപടികളും സ്വീകരിച്ച തായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ് അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

$$$$$$$$$$$$$$$$$$$$$

## ഏഷ്യാ കപ്പ് ക്രിക്കറ്റ്

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശും ഹോങ്കോങ്ങും തമ്മിൽ ഏറ്റുമുട്ടും. അബുദാബിയിലെ ഷെയ്ഖ് സായിദ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

$$$$$$$$$$$$$$$$$$$$$

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. മലപ്പുറം ചേലമ്പ്ര സ്വദേശി ഷാജിയാണ് മരിച്ചത്. രണ്ടാഴ്ചയായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. നിലവിൽ മൂന്ന് കുട്ടികൾ ഉൾപ്പെടെ പത്ത് പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്.

$$$$$$$$$$$$$$$$$$$$$

RNU TVPM

## ജെ പി നഡ്ഡ - അവലോകനം

ഡെങ്കു, മലേറിയ വ്യാപനം തടയാൻ സംസ്ഥാനങ്ങൾ നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ അവലോകനം ചെയ്തു. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് മുൻഗണന നൽകണമെന്നും പകർച്ചവ്യാധികളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി അവബോധ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിഷയത്തിൽ 20 ദിവസത്തിനുള്ളിൽ കർമ്മ പദ്ധതികൾ തയ്യാറാക്കാനും കേന്ദ്രമന്ത്രി നിർദ്ദേശിച്ചു.

$$$$$$$$$$$$$$$$$$$$$

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ 12 ദിവസം സഭ സമ്മേളിക്കും. ആദ്യ ദിനം, അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് സഭ പിരിയും.

$$$$$$$$$$$$$$$$$$$$$

## മലമ്പുഴ പാർക്ക്

കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ 2.0 സ്കീമിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനാൽ ഇന്ന് മുതൽ മലമ്പുഴ ഉദ്യാനം അടച്ചിടും. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഉദ്യാനത്തിലേക്ക് സന്ദർശകർക്ക് പ്രവേശനം ഉണ്ടാകില്ലെന്ന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$

## ആദായനികുതി റിട്ടേൺ

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 15 ന് അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$

RNU TVPM